# സ്ത്രീ സുരക്ഷ - സ്വയം രക്ഷാ പരിശീലന പരിപാടിയുടെ എറണാകുളം റൂറൽ ജില്ലാതല ഏകോപനം നടത്തി

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായുള്ള സ്ത്രീ സുരക്ഷാ - സ്വയം രക്ഷാ പരിശീലന പരിപാടിയുടെ എറണാകുളം റൂറൽ ജില്ലാ തല ഏകോപനം ഇന്ന് (03.03.2018) രാവിലെ 11.00 മണിക്ക് എറണാകുളം റൂറൽ ജില്ലാ പോലീസ് ഓഫീസ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തി.

ആലുവ വനിതാ സെൽ എസ്.ഐ ശ്രീമതി ഉഷ.എ.എസ് സ്വാഗത പ്രഭാഷണം നടത്തിയ ചടങ്ങ് ബഹു. ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് ഐ.പി.എസ് ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ റിട്ട. ജഡ്ജ് ശ്രീമതി. ലീലാമണി അവർകൾ മുഖ്യ പ്രഭാഷണവും വനിതാ കമ്മീഷൻ മെംബർ ശ്രീമതി. ഷിജി ശിവജി സർട്ടിഫിക്കറ്റ് വിതരണവും നടത്തി. അങ്കമാലി സെന്റ് ജൂഡ് ഫാമിലി കൌൺസിൽ അംഗം സിസ്റ്റർ അർപ്പിത ചടങ്ങിൽ ആശംസ നേർന്നു.

ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി ശ്രീ.അബ്ദുൾ റാഷി.എ, സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ശ്രീ.വി.ജി.രവീന്ദ്രനാഥ്, ആലുവ പോലീസ് ഇൻസ്പെക്ടർ ശ്രീ.വിശാൽ ജോൺസൺ, കേരള പോലീസ് ഓഫീസേഴ്സ് അസ്സോസിയേഷൻ ജില്ലാ ട്രഷറർ പ്രസിഡന്റ് ശ്രീ. കെ.ടി.മുഹമ്മദ് കബീർ, കേരള പോലീസ് അസ്സോസിയേഷൻ റൂറൽ ജില്ലാ ട്രഷറർ ശ്രീ. സനൽ എം.വി. എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, വനിതകൾക്ക് വിപുലമായ ഒരു സ്വയം പ്രതിരോധ പരിശീലന പരിപാടി ( Women Self Defense Techniques (WSDT) കേരള പോലീസ് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ആഭിമുഖ്യത്തിൽ എറണാകുളം റൂറൽ ജില്ലയിൽ നടന്നുവരികയാണ്. വിവിധ സന്ദർഭങ്ങളിൽ വനിതകൾ നേരിടുന്ന അതിക്രമ സാഹചര്യങ്ങൾ തിരിച്ചറിയുവാൻ അവരെ സ്വയം പ്രാപ്തരാക്കുക, അത്തരം സന്ദർഭങ്ങൾ നേരിടുമ്പോൾ സ്വയം രക്ഷയ്ക്കായി പെട്ടെന്ന് സ്വീകരിക്കാവുന്ന പ്രതിരോധ തന്ത്രങ്ങൾ സ്വായത്തമാക്കുക, അതുവഴി സംസ്ഥാനത്തെ സ്ത്രീകൾക്ക് സുരക്ഷയും കൂടുതൽ ആത്മവിശ്വാസവും പ്രദാനം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി കേരള പോലീസ് ആവിഷ്കരിച്ചിട്ടുള്ളത്.

ജനശ്രീ, കുടുംബശ്രീ, റസിഡൻസ് അസ്സോസിയേഷനുകൾ, കലാലയങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ഈ പരിശീലന പരിപാടി പ്രാദേശിക തലങ്ങളിൽ സംഘടിപ്പിക്കുന്നതിനാണ് ജനമൈത്രി സുരക്ഷാ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷം അവസാനത്തോടെ സംസ്ഥാനത്തെ ഏകദേശം 2 ലക്ഷം വനിതകൾക്ക് സ്വയം സുരക്ഷാ പരിശീലനം നൽകുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പരിശീലനം പൂർത്തിയാക്കിയ 50 സേനാഗങ്ങളുടെ ഡെമോൺസ്ട്രേഷനും നടത്തി.


എറണാകുളം റൂറൽ ജില്ലാ പോലീസ്
ജനമൈത്രി സുരക്ഷാ പദ്ധതി
സ്ത്രീ സുരക്ഷ–സ്വയം രക്ഷ
പരിശീലന പരിപാടി


എറണാകുളം റൂറൽ ജില്ലാ പോലീസ്
ജനമൈത്രി സുരക്ഷാ പദ്ധതി
സ്ത്രീ സുരക്ഷ–സ്വയം രക്ഷ
പരിശീലന പരിപാടി


സ്ത്രീ സുരക്ഷ–സ്വയം രക്ഷ
പരിശീലന പരിപാടി





